**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4222** — **03-02-2014-ലെ മറുപടിക്ക്**

**തൊഴിലാളികളുടെ തൊഴിൽ നിലവാരം ഉയർത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. ഷിബു ബേബിജോൺ (ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തൊഴിലാളികളുടെ തൊഴിൽ നിലവാരവും അന്താരാഷ്ട്ര തൊഴിൽ സംഘടന നിർദ്ദേശിക്കുന്ന നിലവാരവും തമ്മിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) എങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) ബാധകമല്ല. |
| (സി) സംസ്ഥാനത്തെ തൊഴിലാളികളുടെ തൊഴിൽ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) 'കിലെ' യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികളുടെ തൊഴിൽ നിലവാരം ഉയർത്തുന്നതിന് മേഖല തിരിച്ച് ബോധവൽക്കരണ പഠന ക്ളാസ്സുകളും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ ലക്ഷ്യത്തോടുകൂടി തൊഴിലും പുനരധിവാസവും വകുപ്പിന്റെ കീഴിൽ 'നൈപുണ്യം ഉച്ചകോടി 2014' സംഘടിപ്പിക്കുകയും, സമ്മിറ്റിന്റെ വ്യാവസായിക പങ്കാളികളായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി, നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് കൗൺസിൽ എന്നിവയിലൂടെ സ്വകാര്യ പൊതുമേഖലാ വ്യവസായങ്ങളിൽ നിന്ന് പങ്കാളികളെ കണ്ടെത്തി സംസ്ഥാനത്തെ വ്യവസായിക വാണിജ്യ മേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സേനയുടെ വിദഗ്ദ്ധ പരിശീലനത്തിന്റെ മേന്മ ഉയർത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. കേരളത്തിലെ എല്ലാ വ്യവസായ പരിശീലന കേന്ദ്രങ്ങളെയും ഏതെങ്കിലുമൊരു ഇൻഡസ്ട്രിയുമായെങ്കിലും ബന്ധപ്പെടുത്തുന്നതിനും വ്യാവസായിക ലോകത്തിന് അനുയോജ്യമായ നൂതന സാങ്കേതിക വിദ്യ നൽകിക്കൊണ്ട് പ്ളേസ്മെന്റ് ഉറപ്പാക്കുന്ന പാഠ്യപദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**